പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1458 **01-07-2026-ൽ മറുപടിയ്ക്ക്**

എറണാകുളം നഗരത്തിൽ കനാൽ റിജുവനേഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) എറണാകുളം നഗരത്തിലെ കനാലുകളുടെ സംയോജനത്തിനും നവീകരണത്തിനുമായി കനാൽ റിജുവനേഷൻ പദ്ധതി രൂപീകരിച്ചത് ഏത് വർഷമാണ്; പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; പദ്ധതിയുടെ വിശദാംശം നൽകുമോ;

മറുപടി: കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും, നഗരത്തിലെ വെള്ളക്കെട്ടിനു ശാശ്വതമായ പരിഹാരം കാണുന്നതിനും, നഗരത്തിലെ മലിനജല സംസ്കരണത്തിനും, കനാലുകളിലൂടെ പണ്ട് നിലനിന്നിരുന്ന ജലഗതാഗതം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി 2017 മാർച്ചിൽ കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആവിഷ്കരിച്ച പദ്ധതിയാണ് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്ട്. 2018 നവംബറിൽ കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പാക്കുന്നതിന് 1365.16 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നല്കുകയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)നെ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയുമുണ്ടായി. പിന്നീട് 2021 ഫെബ്രുവരിയിൽ പദ്ധതിയുടെ അടങ്കൽ തുക 1528.27 കോടി രൂപയായും 2025 മേയ് മാസം 3716.10 കോടി രൂപയായും പുതുക്കി ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള കനാലുകൾ ഏതെല്ലാമാണ്; ഓരോ കനാലിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ ഭാഗമായി കനാലുകളുടെ നിലവിലുള്ള അവസ്ഥ, ജലഒഴുക്ക്, മലിനീകരണം, കൈയേറ്റം തുടങ്ങിയ വിഷയങ്ങളിൽ ഏതെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

മറുപടി:

ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, തേവര കനാൽ, പേരണ്ടൂർ കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ, മംഗളവനം കനാൽ എന്നീ 7 കനാലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ, മേൽപ്പറഞ്ഞ കനാലുകളിൽ പായലും,

പോളയും, ഖരമാലിന്യങ്ങളും, ചെളിയും നിറഞ്ഞതിനാൽ നീരൊഴുക്ക് തടസ്സപ്പെട്ട നിലയിലാണ്. കൂടാതെ, കനാലിലെ നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന പാലങ്ങളും മറ്റു കയ്യേറ്റങ്ങളും കാരണം പല സ്ഥലങ്ങളിലും വീതി വളരെയധികം കുറഞ്ഞിരിക്കുന്നതായി കാണാൻ കഴിയും. നഗരത്തിലെ വെള്ളക്കെട്ട് നിവാരണത്തിന്റെ ഭാഗമായി പ്രസ്തുത കനാലുകളുടെ ജലവാഹകശേഷി വർദ്ധിപ്പിക്കുവാനുള്ള ശാസ്ത്രീയമായ പഠനം, കേന്ദ്ര സർക്കാർ ഏജൻസിയായ "Central Water & Power Research Station" നടത്തിയിട്ടുണ്ട്. കൂടാതെ, മലിനജല സംസ്കരണത്തിന് വേണ്ടിയുള്ള ശാസ്ത്രീയ പഠനം ഐ.ഐ.ടി. മദ്രാസിന്റെ ഉപസ്ഥാപനമായ കൃബ് എന്ന ഏജൻസിയും നടത്തിയിട്ടുണ്ട്.

(സി) എറണാകുളം നഗരത്തിലെ കനാലുകളുടെ നവീകരണത്തിനായി ഇതുവരെ അനുവദിച്ച മൊത്തം തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ;

മറുപടി: ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്ടിന് ഏറ്റവും അവസാനമായി 2025 മേയ് മാസം 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തികൾക്ക് 18.24 കോടി രൂപയും, ചിലവന്നൂർ കായലിന്റെ ഡ്രെഡ്ജിങ് ജോലികൾക്ക് 2.84 കോടി രൂപയും, മാർക്കറ്റ് കനാലിന്റെ ഡീസിൽറ്റിംഗ് ജോലികൾക്ക് 42.75 ലക്ഷം രൂപയും, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 97 കോടി രൂപയും കിഫ്ബി മുഖേന നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

(ഡി) കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി മലിനജല ശുദ്ധീകരണ സംവിധാനം (Sewage Treatment System) ഉൾപ്പെടുത്തിയിട്ടുണ്ടോ; കനാലുകളിലേക്ക് മാലിന്യവും മലിനജലവും ഒഴുകുന്നത് തടയുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: IURWTS പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കൊച്ചി നഗര മാസ്റ്റർ പ്ലാനിനനുസരിച്ച് പ്രതിദിനം 55ദശലക്ഷം ലിറ്റർ മലിനജലം സംസ്കരിക്കാൻ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എളംകുളം ഭാഗത്തും, പ്രതിദിനം 50 ദശലക്ഷം ലിറ്റർ മലിനജലം സംസ്കരിക്കാൻ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുട്ടാർ ഭാഗത്തും നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ, നഗരത്തിലെ ഭവനങ്ങളിൽ നിന്നും പാർപ്പിട സമുച്ചയങ്ങളിൽ നിന്നുമുള്ള മലിനജലം ശേഖരിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കാൻ 478 കി. മീ. നീളമുള്ള പൈപ്പ് ശൃംഖലയും വിഭാവനം ചെയ്തിട്ടുണ്ട്. മലിനജല ശുദ്ധീകരണ സംവിധാനം നടപ്പാക്കുന്നതിന്റെ ചുമതല കേരള വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്.

(ഇ) നിലവിൽ കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി എത്ര ശതമാനമാണ്; വിശദമാക്കാമോ?

മറുപടി:

- ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ പുനർ നിർമ്മാണം - 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ചിലവന്നൂർ കായലിന്റെ ഡ്രെഡ്ജിങ് പ്രവൃത്തികൾ - 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- സുഭാഷ് ചന്ദ്രബോസ് റോഡിൽ ചിലവന്നൂർ കായലിനു കുറുകെ കടന്നു പോകുന്ന പാലത്തിന്റെ പുനർനിർമ്മാണം - ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ